## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 324

23.06.2014-ൽ മറുപടിയ്ക്ക്

## എലൈറ്റ് അത്‌ലറ്റ്സ് ട്രെയിനിംഗ് സെന്റർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.ലൂഡി ലൂയിസ് | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | എലൈറ്റ് അത്‌ലറ്റ്സ് ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്.<br><br>2012-13 വർഷത്തിൽ ദേശീയ അന്തർദേശീയ മത്സരങ്ങളിൽ മികവ് തെളിയിച്ചിട്ടുള്ള 14 വയസ്സിനുമുകളിൽ പ്രായമുള്ള കായികതാരങ്ങളെ ഉൾപ്പെടുത്തി എൽ.എൻ.സി.പി.ഇ-യിൽ എലൈറ്റ് അത്‌ലറ്റിക് ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം 100 മീറ്റർ, 200 മീറ്റർ, 400 മീറ്റർ, 800 മീറ്റർ, 1500 മീറ്റർ, ലോംഗ് ജമ്പ്, ട്രിപ്പിൾ ജമ്പ് എന്നീ ഇനങ്ങളിലാണ് കായിക താരങ്ങൾക്ക് പരിശീലനം നൽകുന്നത്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | കേരളത്തിലെ ഏറ്റവും മികച്ച പ്രതിഭയുള്ള അത്‌ലറ്റുകളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത്/ഒളിമ്പിക്സ് എന്നീ മത്സരങ്ങളിൽ മെഡൽ നേടുന്ന നിലവാരത്തിൽ വളർത്തി എടുക്കുക എന്നതാണ് ടി പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. ടി സ്കീമിന്റെ ഭാഗമായി 11 കായികതാരങ്ങളെ തിരഞ്ഞെടുക്കുകയും, അവർക്ക് എൽ.എൻ.സി.പി.ഇ കാര്യവട്ടം സെന്ററിൽ പരിശീലനം നൽകി വരികയും ചെയ്യുന്നു. |
| (സി) | തെരഞ്ഞെടുത്ത ഇനങ്ങളിൽ പ്രതിഭയുള്ള കായികതാരങ്ങളെ രാജ്യാന്തര നിലവാരത്തിൽ പരിശീലിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് സെന്ററിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കാമോ ; | (സി) | മികച്ച രീതിയിലുള്ള താമസം, ഭക്ഷണം, പരിശീലനത്തിനാവശ്യമായ കായിക ഉപകരണങ്ങൾ, ഇന്ത്യയിലെ ഏറ്റവും മികച്ച പരിശീലകന്റെ സേവനം എന്നിവ ഉൾപ്പെടെ ഏറ്റവും ആധുനികമായതും അന്തർദ്ദേശീയ നിലവാരത്തിലുള്ളതുമായ കായിക സൗകര്യങ്ങളും, പരിശീലനവും ഉന്നത നിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും ഈ പദ്ധതിപ്രകാരം കായികതാരങ്ങൾക്ക് ലഭ്യമാകും. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (ഡി) | എലൈറ്റ് അത്‌ലറ്റിക് ട്രെയിനിംഗ് സെന്റർ പദ്ധതി 2014-15 സാമ്പത്തികവർഷവും തുടരുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൻപ്രകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ എലൈറ്റ് അത്‌ലറ്റിക് ട്രെയിനിംഗ് പദ്ധതിയിലേക്ക് (EATC) കായികതാരങ്ങളെ തിരഞ്ഞെടുക്കുന്നതിലേക്കായി ഏപ്രിൽ 24-ാം തീയതി തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ വെച്ച് സെലക്ഷൻ ട്രയൽസ് നടത്തുകയും 9 കായിക താരങ്ങളെ പരിശീലനത്തിനായി തെരഞ്ഞെടുക്കുയും ചെയ്തിട്ടുണ്ട്. പരിശീലനപദ്ധതി ജൂൺ ആദ്യവാരം കാര്യവട്ടം എൽ.എൽ.സി.പി.ഇ സെന്ററിൽ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ